LIBRARY ARCHIVES Kerala Legislative Assembly

കേരള ഹാർട്ട് ഫൗണ്ടേഷന്റെ കെട്ടിട നിർമ്മാണം

144 [969] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹാർട്ട് ഫൗണ്ടേഷന്റെ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സ്ഥാപനത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതുവരെ 6,40,568 രൂപ ചെലവായിട്ടുണ്ട്.

(സി) 2006 വർഷത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മഞ്ചേരിയിൽ ഹാർട്ട് ഫൗണ്ടേഷൻ

145 [970] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദ്രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് ഹാർട്ട് ഫൗണ്ടേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൃദ്രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് എല്ലാവിധ ആധുനിക ചികിത്സാ സൗകര്യങ്ങളുമുള്ള കേരളാ ഹാർട്ട് ഫൗണ്ടേഷന്റെ കാർഡിയോ വാസ്കുലാർ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്തും ആരോഗ്യവകുപ്പ് ഡയറക്ടറുടെ അധികാരപരിധിയിൽ ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ആധുനിക ചികിത്സാ സൗകര്യങ്ങളുള്ളതും കാർഡിയോ വാസ്കുലാർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചികിത്സാ നിയന്ത്രണത്തിലുള്ളതുമായ പെരിഫെറൽ കേന്ദ്രങ്ങളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. മലപ്പുറം ജില്ലയിലും അത്തരത്തിൽ ഒരു കേന്ദ്രം തുടങ്ങാൻ ഉദ്ദേശമുണ്ട്.